പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2555

14.02.2013-ൽ മറുപടിയ്ക്ക്

## മലേറിയ നിർമ്മാർജ്ജനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. കെ. സദാശിവൻ | ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) തീരപ്രദേശങ്ങളിൽ മലേറിയബാധ റിപ്പോർട്ട് ചെയ്യപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ)ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) യുദ്ധകാലാടിസ്ഥാനത്തിൽ പ്രതിരോധ പ്രവർത്തനം നടത്തേണ്ടതിനു പകരം കുറ്റകരമായ അലംഭാവമാണ് ബന്ധപ്പെട്ടവരിൽ നിന്നുണ്ടാകുന്നതെന്ന പരാതിയും പത്രവാർത്തകളും പരിശോധിച്ചിട്ടുണ്ടോ; | (ബി) പ്രതിരോധ പ്രവർത്തനങ്ങളിൽ അലംഭാവമൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി)അന്യസംസ്ഥാന തൊഴിലാളികളുടെ ബാഹുല്യവും അന്യസംസ്ഥാനങ്ങളിൽ നിന്നു മടങ്ങിവരുന്നവരുടെ എണ്ണം കൂടുകയും ചെയ്യുന്ന സാഹചര്യത്തിൽ മലേറിയ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ, എന്തു കരുതൽ നടപടി സ്വീകരിച്ചുവെന്നു വ്യക്തമാക്കുമോ ? | സി) ഇതര സംസ്ഥാനങ്ങളിൽ നിന്നും വർദ്ധിച്ച തോതിൽ ആൾക്കാർ തൊഴിലിനായി കേരളത്തിൽ വരുന്നുണ്ട്. കൂടാതെ കേരളത്തിൽ നിന്നും മറ്റു സംസ്ഥാനങ്ങളിൽ പോയി തിരിച്ചു വരുന്നവരും ധാരാളമുണ്ട്. ഇവരെ പ്രത്യേകം നിരീക്ഷിച്ച് രോഗനിർണ്ണയത്തിനായി രക്ത പരിശോധനയ്ക്ക് വിധേയരാക്കുന്ന പ്രവർത്തനം എല്ലാ ജില്ലകളിലും സ്ഥിരമായി നടന്നു വരുന്നു. പരിശോധനയിൽ മലമ്പനി രോഗം സ്ഥിരീകരിക്കുന്നവർക്ക് ഉടൻതന്നെ സമ്പൂർണ്ണ ചികിത്സയും നൽകി വരുന്നു.<br><br>മലമ്പനി കണ്ടെത്തുന്ന സ്ഥലങ്ങളിൽ കൊതുക് നശീകരണത്തിനായി വീടിനുള്ളിൽ കീടനാശിനി തളിക്കുന്ന പ്രവർത്തനവും, കൂത്താടി ഭോജി മത്സ്യങ്ങളെ കിണറുകളിലും മറ്റു ജല സ്രോതസ്സുകളിലും നിക്ഷേപിക്കുന്ന പ്രവർത്തനവും നടത്തുന്നുണ്ട്. അന്യ സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ ബോധവൽക്കരണത്തിനായി എല്ലാ ജില്ലകൾക്കുമായി 8 ലക്ഷം രൂപ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ